**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയബാധിത പ്രദേശങ്ങളിലെ BPL കുടുംബങ്ങളുടെ ഭാഗികമായോ പൂർണ്ണമായോ തകർന്നുപോയ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് ഉൾപ്പെടെ പുനർ നിർമ്മിക്കുന്നതിന് **5000/-** രൂപ (per unit) പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിൽ നിന്നും ശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പ്ലാനിൽ ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന തുകയിൽനിന്നും ചെലവഴിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.3163/2018/തസ്വഭവ          തിരുവനന്തപുരം, തീയതി 17.12.2018

---

പരാമർശം :- 1) 21.07.2018 ലെ 334/ഡിസി1/2018/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.09.2018 ലെ 1011/A/2018/SM നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന "വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ" പദ്ധതിയിൻ കീഴിൽ 2017-2018 വർഷത്തേയ്ക്ക് 59.36 കോടി രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ആയി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് തുക വിനിയിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം BPL കുടുംബങ്ങളുടെ നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്താൻ (റിട്രോഫിറ്റിംഗ്) 5000/- രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് തുകയിൽ നിന്നും ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ/നോൺ റോഡ് മെയിന്റനൻസ്/തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനു നിർദേശം നൽകിയിരുന്നു.

2. 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്ത് അപ്രതീക്ഷിതമായുണ്ടായ പ്രളയത്തിൽ വളരെയധികം ശൗചാലായങ്ങൾ പൂർണ്ണമായോ ഭാഗികമായോ നശിക്കപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ശൗചാലയങ്ങൾ പുനർ നിർമ്മിക്കുന്നതിന് 5000/- രൂപ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിൽ നിന്നും ശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തുകൾ വാർഷിക പ്ലാനിൽ ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന തുകയിൽ നിന്നും ചെലവഴിക്കുന്നതിനു ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയബാധിത പ്രദേശങ്ങളിലെ BPL കുടുംബങ്ങളുടെ ഭാഗികമായോ പൂർണ്ണമായോ തകർന്നുപോയ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് ഉൾപ്പെടെ പുനർ നിർമ്മിക്കുന്നതിന് **5000/-** രൂപ **(per unit)** പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിൽ നിന്നും ശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പ്ലാനിൽ ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന തുകയിൽനിന്നും ചെലവഴിക്കുന്നതിനു ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു. എൽ**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ